# ഇങ്ങനെയും കുറെ വൈരുദ്ധ്യങ്ങൾ...

പി.എ.ജെ തുറക്കൽ

തന്റെ മൂന്നര ആളുകൾ തലങ്ങും വിലങ്ങും വന്ന് 'സാർ' വിളി പാസാക്കിയ ശേഷം ദക്ഷിണേന്ത്യൻ മുഫ്തിയാണെന്ന് വാഴ്ത്തിയപ്പോൾ കേട്ടത്പാതി എല്ലാം മറന്ന് ബാഗും തൂക്കിപ്പിടിച്ച് കൂടെ ഇറങ്ങി നടന്നു. ഓഫീസിലെത്തിയപ്പോൾ തനിക്കായി മാത്രം ഒരു കസേര. ചുറ്റുപാടിൽ നിന്ന് എഴുന്നേറ്റ് നിൽക്കുന്നവരുടെ 'സാർ' വിളി. അയാളെ നിശ്ചയിച്ചത് ഒരു കാര്യത്തിന് വേണ്ടി. പേനയെടുത്ത് എഴുതാൻ തുടങ്ങി. ചിന്തിച്ചോ? തനിക്കെതിരിൽ തന്നെയാണ് താൻ എഴുതുന്നതെന്ന്? തനിക്ക് താളനുവദിച്ചവർക്ക് വേണ്ടി അവരെ സംതൃപ്തരാക്കും വിധം എന്തും എഴുതുക തന്നെ.

അദ്ദേഹം എഴുതിയത് കാണുക. ''ജിന്നുകളെയോ മലക്കുകളെയോ പിശാചിനെയോ വിളിച്ച് സഹായം തേടിയാൽ മുജാഹിദുകളെ സംബന്ധിച്ച് ഈ സഹായം തേട്ടം പ്രാർത്ഥനയാണ്. അതിനാൽ ശിർക്കുമാണ്.'' (ശബാബ് 23–1–09)

കാര്യം വ്യക്തമായല്ലോ? മലക്കുകളോട് വല്ലതും ചോദിച്ചാൽ അത് അവരോടുള്ള പ്രാർത്ഥന. അപ്പോൾ അത് മലക്കിനുള്ള ഇബാദത്തായി. ഇപ്പോൾ യാഥാസ്ഥിതികനല്ല. മോഡേൺ ചിന്തകൻ!

ഇനി മുമ്പ് യാഥാസ്ഥിതികനായത് കാണുക. നെല്ലിക്കുത്ത് മുസ്‌ലിയാരുടെ 'തൗഹീദ് ഒരു സമഗ്ര പഠനം' എന്ന പുസ്തകത്തിന് മറുപടി എഴുതിക്കൊണ്ട് 'തൗഹീദ് ഒരു സമഗ്ര വിശകലനം' എന്ന തന്റെ പുസ്തകത്തിൽ മുമ്പ് എഴുതിയത് കാണുക:

''മുസ്‌ലിയാർ എഴുതുന്നു: ഇത് പോലെ ഒരിറ്റ് കുളിർ വെള്ളത്തിന് വേണ്ടി ദാഹിച്ച് അവശയായ ഹാജറ ബീവി(റ) വിജനമായ സഫാ മർവക്കിടയിൽ ഓടിക്കൊണ്ടിരുന്ന അവസരത്തിൽ മഹതി ഒര അശരീരി കേൾക്കുകയും അന്നേരം നിനക്ക് സഹായിക്കാൻ കഴുയുമെങ്കിൽ എന്നെ സഹായിക്കൂ (ബുഖാരി) എന്ന് പറയുകയും ചെയ്തു (തൗഹീദ് ഒരു സമഗ്ര പഠനം–പേജ് 345) അദൃശ്യമാർഗ്ഗത്തിലൂടെ സഹായം ചോദിക്കുക എന്നതിന്റെ വിവക്ഷ മുസ്‌ലിയാക്കൻമാർക്ക് മനസ്സിലാക്കാൻ സാധിക്കാത്തത് കൊണ്ടാണ് ബാലിശമായ ഈ വാദം ഉന്നയിക്കുന്നത്. ഹാജറ ബീവിയുടെ സദസ്സിൽ ജിബ്‌രീൽ ഹാജറായി ശബ്ദം പുറപ്പെടുവിച്ചപ്പോൾ മലക്കാണെന്ന് വ്യക്തമായ ഹാജറ ബീവി അദ്ദേഹത്തോട് സഹായം ചോദിച്ചത് അദൃശ്യ മാർഗ്ഗത്തിലൂടെയുള്ള സഹായമായി മുസ്‌ലിയാർ കാണുകയാണെങ്കിൽ ഒരു മതിലിനപ്പുറത്ത് നിന്ന് ഒരാൾ ചോദിക്കുക, കത്തിലൂടെയോ ഫോണിലൂടെയോ ഒരു വിരിയുടെ പിന്നിൽ നിന്ന് കൊണ്ടോ സഹായം ചോദിക്കുക മുതലായവയും തെളിവായി ഉദ്ധരിക്കാവുന്നതാണ്. പാവം! കഷ്ടം!'' (തൗഹീദ് ഒരു സമഗ്ര വിശകലനം–പേജ് 309)

പാവം, കഷ്ടം!! ഒരു യാഥാസ്ഥിതികന്റെ ദുരോഗ്യം!!

നെല്ലിക്കുത്ത് മുസ്‌ലിയാർക്ക് മറുപടി എഴുതിയപ്പോൾ ഹാജറ ബീവി മലക്കിനോട് സഹായം തേടിയത് പ്രാർത്ഥനയോ ഇബാദത്തോ ശിർക്കോ അല്ല. അത് തന്നെ അശരീരി കേട്ടപ്പോൾ മലക്കാണെന്ന് അറിഞ്ഞ് കൊണ്ട്. ഗ്രൂപ്പ് വിരോധം മൂത്ത് മറ്റൊരാൾക്ക് മറുപടി എഴുതിയപ്പോൾ അതേ കാര്യം പ്രാർത്ഥനയും ശിർക്കും!!

ഹാജറ(റ) മലക്കിനോട് സഹായാർത്ഥന നടത്തിയത് അദ്ദേഹം തന്റെ പുസ്തകത്തിൽ എഴുതിയ ശേഷം അത് അഭൗതികമല്ലെന്ന് അംഗീകരിച്ചത് ഇസ്‌ലാഹ് മാസികയിൽ മുമ്പ് എടുത്തുദ്ധരിച്ചിട്ടുണ്ട്. അതു തന്നെ മറ്റൊരാൾക്ക് മറുപടിയായ് ആ വരികൾ അൽപ മാറ്റത്തോടെ ശബാബിൽ ഉദ്ധരിച്ച ശേഷം സുല്ലമി പറയുന്നു.

''മലക്കുകളെയും ജിന്നുകളെയും വിളിച്ച് സഹായം തേടാമെന്നത് അത് അദൃശ്യമാർഗ്ഗത്തിലൂടെയുള്ള സഹായം തേടൽ അല്ലെന്നും അതിനാൽ ശിർക്കും കുഫ്റുമാകുകയില്ലെന്നും വ്യക്തമായ ശൈലിയിലാണ് ഇപ്പോൾ ഈ പുരോഹിതൻമാർ ഇവിടെ പ്രഖ്യാപിക്കുന്നത്'' (ശബാബ് 4-5-07)

കണ്ടില്ലേ? ഈ പുരോഹിതൻ തന്റെ പുസ്തകത്തിലെഴുതിയത് ശിർക്കും കുഫ്റുമല്ല, അതേ കാര്യം മറ്റുള്ളവർ പറഞ്ഞാൽ ശിർക്കും കുഫ്റും. ഇതേ കാരണത്താൽ മറ്റുള്ളവരെ നവയാഥാസ്ഥിതികനാക്കുന്ന ഇയാളാണ് ആദ്യ യാഥാസ്ഥിതികൻ എന്ന് മാത്രം.

സഹോദരാ, താങ്കളെപ്പോലെ ശത്രുക്കൾക്ക് ആയുധം നൽകണമെന്ന ആഗ്രഹമുണ്ടായിട്ടല്ല. പക്ഷെ എതിരാളികൾക്ക് ആയുധമാക്കാൻ കോപ്പുകൂട്ടിയിട്ടേ അടങ്ങൂ എന്ന തീരുമാനത്തിൽ ഇറങ്ങിത്തിരിച്ച താങ്കളും താങ്കൾക്ക് താളുകളനുവദിക്കുന്ന വില്ലൻമാരും പലതും പറയിപ്പിക്കുകയും എഴുതിപ്പിക്കുകയും ചെയ്യുകയാണ്.

ഹാജറ ബീവിയുടെ സഹായതേട്ടം മുസ്‌ലിയാർ എഴുതിയത് എടുത്തുദ്ധരിച്ച ശേഷം താങ്കൾ എഴുതിയത് ഒന്നുകൂടി ഇവിടെ എടുത്തുദ്ധരിക്കട്ടെ:

''അദൃശ്യമാർഗ്ഗത്തിലൂടെ സഹായം ചോദിക്കുക എന്നതിന്റെ വിവക്ഷ മുസ്‌ലിയാക്കൻമാർക്ക് മനസ്സിലാക്കാൻ സാധിക്കാത്തത് കൊണ്ടാണ് ബാലിശമായ ഈ വാദം ഉന്നയിക്കുന്നത്. ഹാജറ ബീവിയുടെ സദസ്സിൽ ജിബ്‌രീൽ ഹാജറായി ശബ്ദം പുറപ്പെടുവിച്ചപ്പോൾ മലക്കാണെന്ന് വ്യക്തമായ ഹാജറ ബീവി അദ്ദേഹത്തോട് സഹായം ചോദിച്ചത് അദൃശ്യ മാർഗ്ഗത്തിലൂടെയുള്ള സഹായമായി മുസ്‌ലിയാർ കാണുകയാണെങ്കിൽ ഒരു മതിലിനപ്പുറത്ത് നിന്ന് ഒരാൾ ചോദിക്കുക, കത്തിലൂടെയോ ഫോണിലൂടെയോ ഒരു വിരിയുടെ പിന്നിൽ നിന്ന് കൊണ്ടോ സഹായം ചോദിക്കുക മുതലായവയും തെളിവായി ഉദ്ധരിക്കാവുന്നതാണ്. പാവം! കഷ്ടം!'' (തൗഹീദ് ഒരു സമഗ്ര വിശകലനം-പേജ് 309)

നല്ല വിശകലനം തന്നെ! മലക്കിനോട് സഹായം ചോദിക്കുന്നത് അഭൗതിക മാർഗ്ഗത്തിലുള്ള സഹായതേട്ടവും പ്രാർത്ഥനയും ശിർക്കുമാണെന്ന് വാദമുള്ള സുല്ലമി മുസ്‌ലിയാരുടെ മുമ്പിൽ ഉത്തരമില്ലാതെ കുടുങ്ങിയപ്പോൾ ഫോണും കത്തും കർട്ടനുമായി മാറിയല്ലോ? നെല്ലിക്കുത്തിനോട് സുല്ലമി പറഞ്ഞ അതേ മറുപടി ഒന്നുകൂടി സുല്ലമിയോട് ചോദിക്കട്ടെ. പ്രിയ സുല്ലമീ, അദൃശ്യ മാർഗ്ഗത്തിലൂടെ സഹായം ചോദിക്കുക എന്നതിന്റെ വിവക്ഷ സുല്ലമിക്ക് മനസ്സിലാക്കാൻ സാധിക്കാത്തത് കൊണ്ടാണ്.............പാവം കഷ്ടം!

ഇവിടെ എന്റെ ശബ്ദം കേൾക്കുന്ന ആരെങ്കിലും എന്നെ സഹായിക്കട്ടെ എന്നുദ്ധേശിച്ചു കൊണ്ട് പടപ്പുകളേ എന്നെ സഹായിക്കണേ, എനിക്ക് വഴി കാണിച്ച് തരണേ എന്നൊക്കെ ഒരാൾ പറഞ്ഞാൽ അതെന്ത് കൊണ്ട് പ്രാർത്ഥനയായിത്തീരുന്നു? എന്റെ ശബ്ദം കേൾക്കുന്നത് ഈ മരുഭൂമിയിലുള്ള മലക്കാണെങ്കിൽ മലക്ക് സഹായിക്കട്ടെ എന്നുദ്ധേശിച്ചാലും അത് പ്രാർത്ഥനയാകുന്നു എന്നല്ലേ താങ്കളുടെ പുതിയ വാദം? എങ്കിൽ ഹാജറ(റ) വിജന സ്ഥലത്ത് നിന്ന് സഹായം തേടിയത് ശിർക്കാവണ്ടേ? മലക്കിന്റെ സഹായം അഭൗതിക മാർഗ്ഗമാകുന്നു എന്ന വാദമാണ് താങ്കൾക്കുള്ളതെങ്കിൽ ഹാജറ(റ) അഭൗതിക മാർഗ്ഗത്തിലൂടെയുള്ള സഹായം പ്രതീക്ഷിച്ച് കൊണ്ട് മലക്കിനോട് പ്രാർത്ഥിച്ചു എന്നും ആ പ്രാർത്ഥന ശിർക്കല്ല എന്നും നെല്ലിക്കുത്തിന്റെ മുമ്പിൽ താങ്കൾ സമ്മതിക്കേണ്ടി വരില്ലേ? മരുഭൂമിയിൽ ആരെയും കാണാതെ വിളിച്ചു പറഞ്ഞത് കാരണമാണ് ആ മരുഭൂമിയിൽ ഒറ്റപ്പെട്ടവന്റെ സഹായാർത്ഥന പ്രാർത്ഥനയും ശിർക്കുമായത് എന്നാണ് താങ്കളുടെ വാദമെങ്കിൽ ഹാജറ(റ) ഒറ്റപ്പെട്ട് ആരെയും

കാണാത്ത അവസരത്തിൽ തന്നെയാണ് സഹായം തേടിയത്, അതിനാൽ മരുഭൂമിയിൽ ഒറ്റപ്പെട്ട വന്റെ വിളിച്ചന്വേഷണവും ഹാജറ(റ)യുടെ സഹായതേട്ടവും ശിർക്കാകുന്നു എന്ന് തുറന്ന് പറയുക. എന്താണിത്ര മടി? അഖീദയല്ലേ? മുതവാതിറല്ലെങ്കിൽ ബുഖാരിയുടെതും തള്ളിക്കൂടേ?

ശബ്ദം കേട്ടതിനാലാണ് ഹാജറ(റ) സഹായം തേടിയത് എന്നാണ് മറുപടിയെങ്കിൽ എന്റെ ശബ്ദം കേൾക്കുന്ന ആരെങ്കിലും സഹായിക്കട്ടെ എന്നുദ്ദേശിച്ച് വിളിച്ചാൽ അത് മാത്രം എന്ത് കൊണ്ട് പ്രാർത്ഥനയാകുന്നു? മലക്ക്, ജിന്ന്, മനുഷ്യൻ എന്നിങ്ങനെ ആരായാലും എന്നുദ്ദേശിച്ചതിനാലാണ് പ്രാർത്ഥനയായത് എന്നാണ് മറുപടിയെങ്കിൽ മലക്കാണെന്ന് അറിഞ്ഞ് കൊണ്ടാണ് ഹാജറ(റ) സഹായം ആവശ്യപ്പെട്ടത് എന്ന് തന്നെയല്ലേ താങ്കളും എഴുതിയത്? ഒന്ന് ശിർക്കും മറ്റേത് ശിർക്കല്ലാത്തതുമായത് എന്ത് കൊണ്ട്?

ഇസ്‌ലാഹിലെ ചില വരികൾ ഉദ്ധരിച്ച ശേഷം ഇയാൾ പറയുന്നു. ''മനുഷ്യൻ മൃഗത്തേക്കാൾ അധ:പതിക്കുമെന്ന് വിശുദ്ധ ഖുർആൻ ഉണർത്തിയതിന് ഒരു തെളിവാണ് മുകളിൽ കണ്ടത്'' (ശബാബ് 8-2-2008)

ഈ മനുഷ്യനാണിവിടെ മേൽ പറഞ്ഞ ആയത്തിന് ഒന്നാമത്തെ തെളിവ്. മനുഷ്യൻമാർ പറയാത്തത് പറഞ്ഞതായി ആരോപിക്കുക. ശേഷം ഖണ്ഡിക്കുക എന്ന മുസ്‌ലിയാൻമാരുടെ സ്വഭാവം ഇവിടെ കാണിച്ചത് ഇയാളാണ്. ശിർക്കല്ലാത്ത കാര്യങ്ങൾ ഹറാമായവയുണ്ടാകും. കറാഹത്തായവയുമുണ്ടാകും. അനുവദനീയമായവയുമുണ്ടാകും. അപ്പോൾ കളവ് നടത്തൽ ശിർക്കല്ല, സംസാരിച്ച് സമയം കളയൽ ശിർക്കല്ല, കിടന്നുറങ്ങൽ ശിർക്കല്ല എന്നൊക്കെ ഒരാൾ പറഞ്ഞാൽ ശിർക്കല്ലാത്ത അത്തരം കാര്യങ്ങളിൽ നിഷിദ്ധമായതും കറാഹത്തായതും അനുവദനീയമായതും ഉൾപ്പെടാമെന്നതിനാൽ നിഷിദ്ധമായ ഒരു കാര്യത്തെക്കുറിച്ച് അത് ശിർക്കല്ലെന്ന് ഒരാൾ പറഞ്ഞാൽ അത് നിഷിദ്ധമല്ല എന്ന് മനസ്സിലാക്കുന്നത് ശരിയല്ല എന്ന കാര്യം ഇസ്‌ലാഹ് മാസിക ഒരു ചോദ്യത്തിന്റെ മറുപടിയെഴുതിയത് കണ്ടെപ്പോഴേക്കും സുല്ലമി 'കിട്ടിപ്പോയ്' എന്നും വെച്ച് അവിടെ ചാടി വീണു. ''ജിന്നുകളോട് സഹായം തേടൽ ശിർക്കല്ല, ഹറാമത്രേ'' എന്ന് അപ്പോഴേക്കും ഇതിയാൻ വെണ്ടക്ക നിരത്തി. ഇത് നുണയല്ലേ? ഇയാൾക്ക് എവിടെന്ന് കിട്ടി ഈ മറുപടിയിൽ നിന്ന് അത് ഹറാമായി അംഗീകരിച്ചതായി? വെറുതെ എന്തെങ്കിലും പറയലാണോ മര്യാദ? ശിർക്കല്ലാത്ത നിങ്ങൾ പറഞ്ഞ കാര്യത്തിന്റെ ഹുക്മ് നിങ്ങളുടെ അഭിപ്രായത്തിൽ എന്താണെന്ന് ചോദിച്ച ശേഷം കിട്ടിയ മറുപടിയെയല്ലേ ഖണ്ഡിക്കേണ്ടത്? ഇതൊന്നും നോക്കാതെ തോന്നിയത് എഴുതിയ ശേഷം അദ്ദേഹം പറയുന്നു: ''ഖിയാസിന്റെ (തുലനപ്പെടുത്തൽ) നിയമം പോലും അറിയാത്ത ഇവർ...........'' (ശബാബ് 8-2-08)

ഇതാണ് ഈ മനുഷ്യന്റെ നുണ! ആരാണ് ഇത് ഖിയാസാണെന്ന് പറഞ്ഞത്? ഞങ്ങൾ ഖിയാസാക്കിയതാണെന്ന് ഇയാളോട് പറഞ്ഞിരുന്നോ? ഖിയാസാക്കുക എന്നത് എന്തിനെക്കുറിച്ചാണ് പറയുക എന്ന് പോലും മനസ്സിലാക്കാൻ കഴിയാത്ത ഇയാൾക്ക് മറുപടി എഴുതുക എന്നത് പോലും നാണക്കേടാണ്. എത്ര മറുപടി കിട്ടിയാലും ഒന്നും കാണാത്തത് പോലെ എഴുതിയത് വീണ്ടും രൂപം മാറ്റി എഴുതിക്കൊണ്ടിരിക്കുന്നത് കണ്ടപ്പോൾ മറുപടി പറഞ്ഞ് പോവുകയാണ്. പറഞ്ഞ ന്യായത്തെ ഖണ്ഡിക്കാൻ കഴിയാതെ വാക്കിൻമേൽ മാത്രം തൂങ്ങി വേറെ എന്തെങ്കിലും എഴുതുന്നത് കൊണ്ട് തന്നെയാണ് ഇയാൾ മുസ്‌ലിയാക്കൻമാരുടെ മുമ്പിൽ ഇളിഭ്യനായി പേന വെച്ച് കീഴടങ്ങേണ്ടി വരുന്നത്.

മലക്കുകളോട് സഹായം തേടിയാൽ അത് പ്രാർത്ഥനയാണെന്ന് എടവണ്ണ സുല്ലമി തറപ്പിച്ച് പറയുന്നു. (23-1-09 ശബാബ്)

സുല്ലമി തന്നെ മുസ്‌ലിയാർക്ക് മറുപടി പറയുമ്പോൾ യാഥാസ്ഥിതികനാകുന്നത് കാണുക: ''അദൃശ്യമാർഗ്ഗത്തിലൂടെ സഹായം ചോദിക്കുക എന്നതിന്റെ വിവക്ഷ മുസ്‌ലിയാക്കൻമാർക്ക് മനസ്സിലാക്കാൻ സാധിക്കാത്തത് കൊണ്ടാണ് ബാലിശമായ ഈ വാദം ഉന്നയിക്കുന്നത്'' (തൗഹീദ് ഒരു സമഗ്ര വിശകലനം 309)

ഇങ്ങനെ തൗഹീദ് പൊളിക്കും. മുസ്‌ലിയാക്കൻമാരുടെ മുന്നിൽ വിവരക്കേട് വിളമ്പുമ്പോൾ ഒരു കോലം, തിരിഞ്ഞ് കുത്താൻ നിൽക്കുമ്പോൾ നേരെ വിപരീതം!!

അല്ലേലും ഈ മനുഷ്യന് തോന്നുന്നേടത്ത് തോന്നിയത് പോലെ എഴുതുന്ന ഒരു സ്വഭാവമുണ്ട്. അപ്പോൾ തോന്നുന്നത് അപ്പോൾ എഴുതുക, ഇതു തന്നെയാണോ ശരി എന്ന് ചിന്തിക്കുക പോലുമില്ല. ഇയാളുടെ മയ്യിത്ത് പരിപാലന പുസ്തകത്തിൽ ആയിശ(റ)യുടെ ഒരു വചനം നേരെ ആശയം മാറ്റിക്കൊണ്ടാണ് എഴുതി വെച്ചത്. നബി(സ്വ)യുടെ വഫാത്ത് കഴിഞ്ഞ് കാല ങ്ങൾക്ക് ശേഷം ആയിശ(റ) പറഞ്ഞു: ഞാനിപ്പോൾ മനസ്സിലാക്കിയ സംഗതി മുമ്പ് അറിഞ്ഞിരു ന്നെങ്കിൽ നബി(സ്വ) അവിടുത്തെ ഭാര്യമാരല്ലാതെ കുളിപ്പിക്കുമായിരുന്നില്ല'' (അബൂദാവൂദ്)

ഇതിൽ നിന്ന് എന്ത് മനസ്സിലാകും? നബി(സ്വ)യുടെ ഭാര്യമാരായിരുന്നു നബിയെ കുളിപ്പിക്കേ ണ്ടത്, പക്ഷെ അന്നത് ചിന്തിച്ചില്ല, ഇപ്പോഴാണ് ആ കാര്യം ചിന്തിക്കുന്നത് എന്നാണല്ലോ ഉമ്മുൽ മുഅ്മിനീൻ പറഞ്ഞതിന്റെ അർത്ഥം. എന്നാൽ നബി(സ്വ)യെ അവിടുത്തെ ഭാര്യമാരാണ് കുളി പ്പിച്ചത് എന്ന ആശയത്തിലാണ് സുല്ലമി അതിന് ആശയവും പരിഭാഷയും നൽകിയത്. ആയി ശ(റ)യിൽ നിന്നുള്ള രിവായത്തിന് അദ്ദേഹം അർത്ഥം നൽകിയത് കാണുക.

''ഒരു പ്രശ്നത്തിലേക്ക് ഞാൻ പ്രവേശിച്ചാൽ ഒരിക്കലും ഞാൻ പിൻമാറുകയില്ല. നിശ്ചയമായും തിരുമേനി(സ്വ)യെ കുളിപ്പിച്ചത് അവിടുത്തെ ഭാര്യമാർ മാത്രമാണ് (അബൂദാവൂദ്)'' (മയ്യിത്ത് സംസ്കരണ മുറകൾ –പേജ് 67)

നബി(സ്വ)യുടെ മയ്യിത്ത് കുളിപ്പിച്ചത് നബിപത്നിമാരായിരുന്നു എന്നിവിടെ സുല്ലമി തറപ്പിച്ച് പറയുന്നു. എന്നാൽ വർഷങ്ങൾ പിന്നിട്ട ശേഷം ഇസ്‌ലാമിലെ അനുഷ്ഠാന മുറകൾ എന്ന വേറെ ഒരു പുസ്തകം എഴുതിയപ്പോൾ ഭാര്യമാർ കുളിപ്പിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്നു. അയാൾ എഴുതിയത് കാണുക: ''ആയിശ(റ) നിവേദനം: ഞാൻ പിന്നീട് മനസ്സിലാക്കിയ കാര്യ ങ്ങൾ നേരത്തെ അറിഞ്ഞിരുന്നെങ്കിൽ നബി(സ്വ)യെ അവിടുത്തെ ഭാര്യമാർ മാത്രമേ കുളിപ്പി ക്കുമായിരുന്നുള്ളൂ'' (അനുഷ്ഠാന മുറകൾ–പേജ് 390)

നബി(സ്വ) വഫാത്തായ കാലത്ത് ഭാര്യമാരാണ് അവിടുത്തെ മയ്യിത്ത് കുളിപ്പിക്കേണ്ടത് എന്ന കാര്യം ചിന്തിച്ചില്ല. അതിനാൽ ഭാര്യമാർക്കതിന് കഴിഞ്ഞില്ല എന്ന് ഉമ്മുൽ മുഅ്മിനീൻ ഇവിടെ വ്യക്തമാക്കി. ഹിജ്റിന് ഹജർ(കല്ല്) എന്ന് അർത്ഥം നൽകിയ തെറ്റ് ഉണർത്തിയപ്പോൾ അത് തിരുത്തുന്നതിന് പകരം 'ഏയ്......ഞാൻ ഹജറും ഹിജ്റും തിരിയാത്തവനല്ലേ' എന്ന കിബ്റിന്റെ ശബ്ദം പുറപ്പെടുവിക്കുകയാണുണ്ടായത്. മുമ്പൊരിക്കൽ ഇയാളുടെ ഇത് പോലുള്ള അബദ്ധ ങ്ങൾ ഇസ്‌ലാഹിലൂടെ ഉണർത്തിയപ്പോൾ അതിനെക്കുറിച്ച് ഒരക്ഷരവും ന്യായീകരിക്കാൻ കഴി യാതെ വേറെ ചിലതിന് മറുപടി പാടു പെട്ട് ഒപ്പിക്കുന്ന കൂട്ടത്തിൽ ''ഇവർ എന്നെക്കുറിച്ച് ആരോപിക്കുന്ന സർവ്വ ആരോപണങ്ങളുടെയും അവസ്ഥ ഇത് തന്നെയാണ്'' (ശബാബ് 4–5–07) എന്നെഴുതി തടിയെടുക്കുകയാണുണ്ടായത്.

മനുഷ്യ കഴിവിന്നതീതമായ കാര്യം മനുഷ്യനോട് തേടൽ പ്രാർത്ഥനയാണ്. സൃഷ്ടികളുടെ കഴി വിന്നതീതമായ ഏത് കാര്യവും അല്ലാഹുവല്ലാത്ത ആരോട് തേടലും പ്രാർത്ഥനയാണ്. കാര്യകാ രണ ബന്ധങ്ങൾക്കതീതമായ മാർഗ്ഗത്തിലൂടെയുള്ള ഗുണമോ ദോഷമോ ആഗ്രഹിച്ചോ ഭയന്നോ ഏത് സൃഷ്ടിയോട് തേടുന്നതും പ്രാർത്ഥനയാണ്. അഭൗതിക മാർഗ്ഗത്തിലൂടെയുള്ള ഉപകാ രമോ ഉപദ്രവമോ പ്രതീക്ഷിച്ച് കൊണ്ടോ ഭയന്ന് കൊണ്ടോ ഉള്ള അപേക്ഷയിൽ തന്നെയാണ് പ്രാർത്ഥനയുണ്ടാകുക. പക്ഷെ നമ്മുടെ സുല്ലമിക്ക് മനുഷ്യ കഴിവിൽ പെടാത്തത് എന്നതിൽ ചുരുങ്ങിക്കിട്ടണം. എന്നാലേ മുറാദ് വീടിക്കിട്ടൂ. ഇസ്‌ലാഹ് മാസിക ഉൽഭവിക്കുന്നതിന്റെ എത്രയോ വർഷങ്ങൾക്ക് മുമ്പും സൃഷ്ടികളുടെ കഴിവിൽ പെടാത്തത് എന്ന് സലഫീ പണ്ഡി തർ തന്നെ എഴുതിയിട്ടുണ്ട് എന്നത് ഇയാൾ ചിന്തിക്കുന്നില്ല. അതിന് കഴിയുകയുമില്ലല്ലോ. ഏറ്റെ ടുത്ത വൃത്തികേടുകൾ പൂർണമായും നടപ്പിലാക്കി അരിശം തീർക്കുകയും കസേര തന്നവരെ ആഹ്ലാദിപ്പിക്കുകയും വേണ്ടേ?

യാഥാസ്ഥിതികൻ പറയുന്നു: ‘‘ഇവരുടെ നിർവ്വചന പ്രകാരം മലക്കുകളെയും ജിന്നുകളെയും ഇലാഹാക്കുകയോ റബ്ബാക്കുകയോ സ്വയം കഴിവുണ്ടെന്ന് വിശ്വസിക്കുകയോ ചെയ്യാത്ത പക്ഷം വിളിച്ച് തേടാമെന്ന് തന്നെയാണ് സ്ഥിരപ്പെടുക.’’ (ശബാബ് 4–5–2007)

ഇയാളുടെ നിർവ്വചനമനുസരിച്ച് മനുഷ്യ കഴിവിൽ പെടാത്തത് ചോദിക്കുമ്പോഴാണ് പ്രാർത്ഥന യാകുന്നത്. വഴിയറിയാതെ വിജനസ്ഥലത്ത് അകപ്പെട്ട ഒരാൾ എന്റെ ശബ്ദം കേൾക്കുന്ന ആരായാലും എന്നെ സഹായിക്കട്ടെ എന്ന് വെച്ച് പടപ്പുകളേ എനിക്ക് വഴി കാണിച്ച് തരാമോ എന്ന് ചോദിച്ചാൽ ദക്ഷിണേന്ത്യൻ മുഫ്തിയുടെ ഫത്വയനുസരിച്ച് അത് മനുഷ്യ കഴിവിൽ പെടാത്തത്. അതിനാൽ അത് പ്രാർത്ഥന. ഹാജറ(റ) മലക്കിനോട് സഹായം തേടിയത് മനുഷ്യ കഴിവിൽ പെട്ടത്. അതിനാൽ അത് പ്രാർത്ഥനയല്ല. വഴി കാണിച്ച് കൊടുക്കൽ മനുഷ്യ കഴിവി ന്നതീതമാണ്. വെള്ളമില്ലാത്ത സ്ഥലത്ത് ഇന്ന ഭാഗത്ത് വെള്ളമുണ്ടെന്ന് ഉറവ പൊട്ടിച്ച് കാണിച്ച് കൊടുക്കൽ മനുഷ്യന് കഴിയുന്നത്. അതിനാൽ അത് ചോദിക്കാം. ഈ മുഫ്തിയുടെ അനുയാ യികൾ തന്നെയാണ് സന്മാർഗ്ഗം പ്രാപിക്കേണ്ടവർ.

ഇയാൾ എഴുതുന്നു. ‘‘ഈ പുരോഹിതൻമാർ അശരീരി കേൾക്കാതെ തന്നെ ഹാജറബീവി മല ക്കിനെയോ ജിന്നുകളെയോ വിളിച്ച് സഹായം തേടിയാൽ അത് അദൃശ്യവും അഭൗതികവുമായ നിലയിലുള്ള സഹായം തേടൽ അല്ലെന്നും അതിനാൽ ശിർക്കും കുഫ്റുമാകുകയില്ലെന്നും ജൽപിക്കുന്നു’’

ഇത് ആരെക്കുറിച്ചാണ് ഇയാൾ പറഞ്ഞത് എന്നല്ലേ? തനിക്ക് ഓഫീസിൽ മേശയും കസേരയും അനുവദിച്ച യുവതക്കാരെക്കുറിച്ച്. താൻ ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന ശബാബിനെക്കുറി ച്ച്. അതിലെ ആദ്യ ലേഖനങ്ങളെക്കുറിച്ച്. യുവത ഇറക്കിയ ‘പ്രാർത്ഥന, തൗഹീദ്, ചോദ്യ ങ്ങൾക്ക് മറുപടി’ എന്ന പുസ്തകത്തിൽ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി എഴുതിയത് കാണുക.

‘‘ജിന്നുകൾക്ക് അല്ലാഹു നൽകുന്ന കഴിവ് മനുഷ്യകഴിവിന്നതീതമെങ്കിലും അതിനെ അഭൗതിക മെന്ന് വിശേഷിപ്പിക്കുന്നത് ഇസ്‌ലാമിക കാഴ്ചപ്പാടിൽ ശരിയല്ല. അഭൗതികമായ കഴിവ് എന്ന് നാം പറയുമ്പോൾ അല്ലാഹു സൃഷ്ടികൾക്കാർക്കും നൽകിയിട്ടില്ലാത്ത കഴിവാണ്’’ (പേജ് 78). ഇനിയും കാണുക.‘‘അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ ഇടയുള്ള ജിന്നുകളും മല ക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവതല്ല.......’’ (അതേ പുസ്തകം– പേജ് 103)

ജിന്നുകൾക്ക് നൽകപ്പെട്ട കഴിവിൽ നിന്ന് സഹായം ചോദിക്കുന്നത് പ്രാർത്ഥനയല്ല എന്ന് ഇവിടെ തുറന്ന് സമ്മതിക്കുന്നു. അത് പോലെ ജിന്നുകൾക്കും മലക്കുകൾക്കും കഴിവ് നൽകപ്പെ ട്ടതിൽ സഹായം തേടൽ ഒരു അംഗീകരിക്കപ്പെട്ട സമ്പ്രദായമല്ലെങ്കിലും അത് പ്രാർത്ഥനയല്ലെന്ന് ഇവിടെ യുവത തുറന്ന് സമ്മതിച്ചിരിക്കുന്നു.

ഇനി എടവണ്ണ സുല്ലമി മേശ തിരിച്ചിട്ടിരിക്കുക. എന്നിട്ട് ഉറക്കെ വിളിക്കുക. ‘‘യുവതക്കാരേ, യാഥാസ്ഥിതികരേ.........ശിർക്കുണ്ടാക്കാൻ നോക്കേണ്ടാ..........’’